പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2135 **26-10-2026-ൽ മറുപടിയ്ക്ക്**

വി.ബി.ജി. റാം ജി. പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) വി.ബി.ജി. റാം ജി.(വികസിത് ഭാരത് – ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ തൊഴിലാളികൾക്ക് ഹാജർ രേഖപ്പെടുത്തുന്ന എൻ.എം.എം.എസ്.(നാഷണൽ മൊബൈൽ മോണിറ്ററിംഗ് സർവീസ്) ആപ്പിന്റെ സാങ്കേതിക തകരാറുകളും സെർവർ പ്രശ്നങ്ങളും കാരണം പദ്ധതി തൊഴിലാളികൾക്ക് വേതനം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഹാജർ രേഖപ്പെടുത്താൻ കൂടുതൽ ലളിതമായ ബദൽ മാർഗ്ഗങ്ങളോ ഓഫ്ലൈൻ എക്സംപ്ഷൻ സംവിധാനമോ നടപ്പിലാക്കാൻ സർക്കാർ ആലോചനയുണ്ടോ; വിശദമാക്കാമോ;

മറുപടി: വികസിത് ഭാരത്-ഗ്യാരൻ്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ)പദ്ധതിയിൽ PMAY ഭവനനിർമ്മാണം, വ്യക്തിഗത പ്ലാന്റേഷൻ പ്രവൃത്തികൾ എന്നിവ ഒഴികെയുള്ള എല്ലാ പ്രവൃത്തികളിലും നിർബന്ധമായും NMMS ആപ്പ് മുഖേന ഹാജർ രേഖപ്പെടുത്തേണ്ടതാണ്. മൊബൈൽ നെറ്റ്വർക്ക് ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ, പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്ത് മുഖേന ജില്ലാ തലത്തിൽ അപേക്ഷ സമർപ്പിച്ച് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഓഫ് ലൈൻ മോഡിൽ ഹാജർ രേഖപ്പെടുത്താവുന്നതാണ്. ഇതിനായി, മസ്റ്റർ റോൾ ആരംഭിക്കുന്ന ദിവസം നെറ്റ്വർക്ക് ലഭ്യമുള്ള സ്ഥലത്തുനിന്ന് മസ്റ്റർ റോൾ NMMS ആപ്പിൽ ഡൗൺലോഡ് ചെയ്യുകയും ദിവസേന ഹാജർ രേഖപ്പെടുത്തി, മസ്റ്റർ റോൾ അവസാനിച്ചതിന്റെ അടുത്ത ദിവസം നെറ്റ്വർക്ക് ലഭ്യമുള്ള സ്ഥലത്തുനിന്ന് അപ് ലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.NMMS ആപ്പിലെ സാങ്കേതിക തകരാറുകൾ കാരണം ഹാജർ അപ് ലോഡ് ചെയ്യാൻ കഴിയാത്തപക്ഷം, ബന്ധപ്പെട്ട ദിവസത്തെ എല്ലാ തൊഴിലാളികളുടെയും ഫോട്ടോ ഉൾപ്പെടെ NMMS exemption area officer App/JanGRAM app എന്നിവയിൽ ഏതെങ്കിലും ഒന്നിൽ നിന്നും അപ് ലോഡ് ചെയ്യാവുന്നതാണ്.ഈ സംവിധാനങ്ങൾ നിലനിൽക്കുന്നതിനാൽ NMMS App മായി ഉണ്ടാകുന്ന സാങ്കേതിക തടസം കാരണം ഒരു തൊഴിലാളിയുടെയും അർഹമായ വേതനം നഷ്ടമാകില്ല.

(ബി) ലൈഫ് ഭവന പദ്ധതിയുടെ ഭാവി എന്താണെന്ന് വ്യക്തമാക്കാമോ; പുതിയ ഗുണഭോക്താക്കളെ കണ്ടെത്താൻ അപേക്ഷ സ്വീകരിക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

മറുപടി:

ലൈഫ് പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നതിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് യാതൊരു തീരുമാനവും കൈക്കൊള്ളുകയോ ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല. വിഷൻ 2031 ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി ഭവന പദ്ധതിയിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യം

സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. പുതിയ ഗ്രണഭോക്താക്കളെ കണ്ടെത്തുന്നതിനായി അപേക്ഷകൾ സ്വീകരിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെപരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ